**അടിയന്തരപ്രമേയം**

**വന്യമൃഗങ്ങളുടെ ആക്രമണം**

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങളായ സണ്ണി ജോസഫും മറ്റുള്ളവരും ചേർന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ്, ഇപ്പോൾ ഒരു അടിയന്തര പ്രാധാന്യത്തോടുകൂടി പരിഗണിക്കേണ്ട ഒന്നാണെന്ന് തോന്നുന്നില്ല. പ്രമേയാവതാരകൻ ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകളും കൃഷിയും

നശിക്കുന്നുവെന്നത് യാഥാർത്ഥ്യംതന്നെയാണ്. പക്ഷെ അവ പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ കൂടി വിലയിരുത്താതെ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടുവെന്ന ഒരു നിഗമനത്തിലേയ്ക്ക് എത്തുന്നത് ഒട്ടും ആശാസ്യമായ ഒരു കാര്യമല്ലെന്ന് പറയാനാണ് ആഗ്രഹിക്കുന്നത്. ഈ സഭ പ്രത്യേകമായി പരിശോധിക്കേണ്ടത് വന്യജീവികളുമായി ബന്ധപ്പെട്ട എല്ലാ നടപടികളും കേരളത്തിന്റെ മാത്രം തീരുമാനത്തിന്റെ പരിധിയിലല്ല നിൽക്കുന്നത് എന്നാണ്. നാഷണൽ വൈൽഡ് ലൈഫ് ബോർഡും കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും അനുശാസിക്കുന്ന വിധത്തിൽ മാത്രമെ വനം വകുപ്പിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ആ പരിമിതിയിൽനിന്നുകൊണ്ട്, കഴിഞ്ഞ കുറെ മാസങ്ങളായി വനം വകുപ്പിലെ ജീവനക്കാർ രാപ്പകലെന്നില്ലാതെ ആത്മാർത്ഥമായി പ്രവർത്തിച്ചതായാണ് കാണുന്നത്. അങ്ങനെയുള്ള അവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിനുപകരം അവരുടെ ആത്മവീര്യത്തെ നഷ്ടപ്പെടുത്തുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ, അദ്ദേഹത്തിന്റെ പ്രദേശമായ ആറളത്ത് സർക്കാർ

അടിയന്തരമായി സ്വീകരിച്ച നടപടികൾ നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു മാന്യ ജനപ്രതിനിധിയാണ്. ആന മതിൽ കെട്ടണം എന്ന ആവശ്യം അംഗീകരിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ കോടിക്കണക്കിന് രൂപയുടെ പ്രവൃത്തിയാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മൾ തുടങ്ങിയൊരു പ്രവൃത്തി പൂർത്തിയായാൽ മാത്രമെ അതിന്റെ റിസൾട്ട് കിട്ടുകയുള്ളൂവെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. എന്നാൽ നേരത്തെ പരീക്ഷിച്ച സ്ഥലങ്ങളിൽ അത് പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് മൂന്ന് മന്ത്രിമാർ അവിടം സന്ദർശിച്ച ഘട്ടത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഞങ്ങളോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. ചിന്നക്കനാലിൽ ശക്തിവേൽ എന്ന വ്യക്തി മരിക്കാനിടയായ സംഭവമുണ്ടായിട്ടുണ്ട്. അതൊരു ദാരുണമായ മരണംതന്നെയാണ്. പക്ഷെ ആ സംഭവം ശ്രദ്ധയിൽപ്പെട്ടതുമുതൽ വളരെ ജാഗ്രതയോടുകൂടിയ പ്രവർത്തനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കാര്യവും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ അതും വലിയ വേദനയുണ്ടാക്കുന്ന സംഭവംതന്നെയാണ്. പക്ഷെ ഒരു സംഭവം

ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പും ഉദ്യോഗസ്ഥരും എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നതിനെ തീർത്തും ചെറുതായി കണ്ടുകൊണ്ട് അത് മറ്റു തരത്തിൽ വലുതാക്കാൻ ശ്രമിക്കരുതെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അവിടെ മരണപ്പെട്ട തോമസിന്റെ കുടുംബത്തിന് നഷ്ടപരിഹാരത്തുക തൊട്ടടുത്ത ദിവസംതന്നെ വിതരണം ചെയ്യാൻ വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ മകന് വനം വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ അട്ടപ്പാടിയിലും സംഭവിച്ചിട്ടുള്ളത്. ചിന്നക്കനാലിലുണ്ടായ കാര്യവും ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഈ ഘട്ടങ്ങളിലെല്ലാം വളരെ ശക്തമായ പ്രവർത്തനമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നതെന്ന കാര്യം ആവർത്തിക്കുകയാണ്. സംഭവം നടന്നതിനുശേഷം വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. പക്ഷെ, ഈ പ്രതിഭാസം എങ്ങനെയുണ്ടാകുന്നു എന്നതൊരു പ്രശ്നമാണ്. ഇതുവരെ നടത്തിയ ശാസ്ത്രീയ പഠനങ്ങളെല്ലാം പരീക്ഷിച്ചുനോക്കിയിട്ടും ആത്യന്തികമായ ഫലമുണ്ടാക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ഇക്കാര്യത്തിലൊരു ശാസ്ത്രീയ പഠനം വേണമെന്ന് സർക്കാർ തീരുമാനിക്കുകയും അതിന്റെ നടപടികളുമായി

മുന്നോട്ട് പോകുകയും ചെയ്യുന്നത്. പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുമ്പോഴാണ് അതിലെ നിഗമനങ്ങൾ സമ്പൂഷ്ടമാക്കാനും മനുഷ്യ-വന്യജീവി സംഘർഷം എന്നന്നേയ്ക്കുമായി അവസാനിപ്പിക്കാനുള്ള തീരുമാനങ്ങളിലേയ്ക്ക് കടക്കാനും  കഴിയൂ. പലതരത്തിലുള്ള വിദഗ്ദ്ധർ പ്രകടിപ്പിച്ച അഭിപ്രായ പ്രകടനങ്ങളും വ്യത്യസ്ത രീതിയിലുള്ള റിപ്പോർട്ടുകളുമാണ് ഇപ്പോൾ നമ്മുടെ കൈവശമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽമാത്രം സർക്കാരിനൊരു തീരുമാനമെടുക്കാൻ കഴിയില്ലെന്ന് അറിയാത്തവരല്ല ഈ സദസ്സിലിരിക്കുന്നവരാരും. മേൽ സൂചിപ്പിച്ച രീതിയിലുള്ളൊരു പഠനം നടത്തി, അത് വേഗത്തിലാക്കി, ഈ പ്രശ്നത്തെ ശാശ്വതമായി നേരിടാൻ എന്താണ് ചെയ്യാൻ കഴിയുകയെന്ന് ആ ഘട്ടത്തിൽ ചർച്ച ചെയ്യുന്നതായിരിക്കും ഉചിതമെന്ന് തോന്നുന്നു. അതിനാൽ ഈ വിഷയം ഇപ്പോൾ അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിന്റെ ഫ്രണ്ട് പേജിൽ വന്ന വാർത്തതന്നെ മതിയാകും. (മാതൃഭൂമി ദിനപത്രം ഉയർത്തിക്കാണിച്ചു.) 'മലപ്പുറം നിലമ്പൂർ കരുളായി പാലക്കരയിൽ കുട്ടികൾ ഉൾപ്പെടെ 11

കാട്ടാനകൾ ഒരു രാത്രിയും പകലും.' ഇന്നലെ ചാനലുകളിൽ വാർത്ത വന്നിരുന്നു. ഇന്ന് മാതൃഭൂമി ദിനപത്രത്തിൽ ഉൾപ്പെടെ ഫ്രണ്ട് പേജിൽ വന്ന വാർത്തയാണിത്. കാട്ടാനക്കൂട്ടമിറങ്ങി ഒരു ജനവാസ കേന്ദ്രത്തെ പൂർണ്ണമായും വിറപ്പിക്കുന്നൊരു സാഹചര്യം. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തെ വളരെ ലളിതമായി കാണുമ്പോൾ, മാനന്തവാടിയിലെ തൊണ്ടർനാട് പുതുശ്ശേരി പള്ളിപ്പുറത്തെ തോമസ് എന്ന സാലു (50 വയസ്സ്) വനാതിർത്തിയിൽനിന്ന് 10 കിലോമീറ്ററോളം ദൂരത്തുള്ള, വനാതിർത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത തൊണ്ടർനാട് പഞ്ചായത്തിലെ ജനവാസ കേന്ദ്രത്തിലെ അദ്ദേഹത്തിന്റെ കൃഷിയിടത്തിൽവച്ച് പകൽ സമയത്താണ് മരിച്ചത്. സാലു എന്നത് അദ്ദേഹത്തിന്റെ വിളിപ്പേരാണ്. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നു. അദ്ദേഹത്തെ ആക്രമിച്ച കടുവ നാട്ടിലിറങ്ങിയത് ഡിസംബർ മാസം 2-ാം തീയതി കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഒളിക്കൽ പഞ്ചായത്തിലാണ്. കടുവ അക്രമിച്ചത് ജനുവരി മാസം 12-ാം തീയതിയാണ്. അത് ഒളിക്കൽ പഞ്ചായത്ത് കടന്ന് പായത്തും അയ്യൻകുന്നിലും ആറളത്തുമൊക്കെ പോയി. അപ്പോഴൊക്കെ മനുഷ്യർ

അതിനെ ഫോളോ ചെയ്യുന്നുണ്ട്. ഞാൻ ഈ സമയത്തൊക്കെ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിരുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്ത്, 13-ാം തീയതി ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. മന്ത്രിയുടെ കത്തുമായി ഞാൻ ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ പോയി പി.സി.സി.എഫ്.-നെയും പ്രിൻസിപ്പൽ ചീഫ് വൈൽഡ് ലൈഫ് വാർഡനെയും കണ്ട് അരമണിക്കൂർ ചർച്ച നടത്തുകയും കടുവയെ പിടിച്ചില്ലെങ്കിൽ ഇത് മനുഷ്യനെ പിടിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. ഭാഗ്യവശാൽ എന്റെ ഏരിയയിൽനിന്ന് കടന്നുപോയെന്ന് ഞാൻ ആശ്വസിച്ചതുകൊണ്ട് കാര്യമുണ്ടോ; തൊട്ടടുത്ത സ്ഥലത്തുവച്ചാണ് സാലു എന്ന തോമസിനെ കടുവ പട്ടാപ്പകൽ ആക്രമിച്ചത്. ഇക്കാര്യത്തിൽ വനംവകുപ്പിന് ഉത്തരവാദിത്വമില്ലേ? അദ്ദേഹത്തെ ആക്രമിച്ചതിന്റെ പിറ്റേ ദിവസം കടുവയെ പിടിച്ചു. കണ്ണൂരിൽനിന്നും പുറപ്പെട്ട് തൊണ്ടർനാടും പിന്നീട് വയനാട്ടിൽത്തന്നെ 25 കിലോമീറ്റർ ദൂരെയെത്തിയ കടുവയെ മയക്കുവെടിവച്ചാണ് പിടിച്ചത്. തോമസ് മരണപ്പെട്ടില്ലെങ്കിൽ അപ്പോഴും കടുവയെ പിടിക്കില്ലായിരുന്നു. തോമസ് മരിക്കാനിടയുണ്ടായ വേറൊരു സാഹചര്യം ഇദ്ദേഹത്തിന് തക്കസമയത്ത് ആവശ്യമായ ചികിത്സയും

കിട്ടിയില്ല എന്നുള്ളതാണ്. മാനന്തവാടി ആശുപത്രിയിൽ കൊണ്ടുപോയിട്ട് അദ്ദേഹത്തിന്റെതന്നെ കൈലിമുണ്ട് കീറി കെട്ടുകയായിരുന്നു. കോഴിക്കോടുള്ള ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും അദ്ദേഹം മരണപ്പെട്ടു. ഇതുസംബന്ധിച്ച് പത്രങ്ങളിലൊക്കെ വാർത്ത വന്നിരുന്നു. ഞാനും ശ്രീ. ഐ. സി. ബാലകൃഷ്ണനും ആ സമയത്ത് അവിടെ പോയിരുന്നു. ഇപ്പോൾ ശ്രീ. ടി. സിദ്ദിഖും പറഞ്ഞു. അത് അറിയുന്ന കാര്യമാണ്.

തോമസ് മാത്രമല്ല മരണപ്പെട്ടത്; ജനുവരി 25-ാം രാവിലെ ഇടുക്കിയിലെ ചിന്നക്കലാലിൽ ശക്തിവേൽ (51 വയസ്സ്) എന്നയാൾ കാട്ടാനയുടെ ആക്രമത്തിൽ കൊല്ലപ്പെട്ടു. ഇടുക്കിയിൽത്തന്നെ ഇടമലക്കുടിയിൽ 7 മാസം ഗർഭിണിയായ അംബിക എന്ന ആദിവാസി യുവതി (36 വയസ്സ്) ആനയെക്കണ്ട് പേടിച്ചോടി വീണ് മരണപ്പെട്ടു. അവരുടെ ഗർഭസ്ഥ ശിശുവും മരിച്ചു. ബഹുമാന്യനായ എം.എം. മണി ഉൾപ്പെടെയുള്ളവർ അവിടെ റോഡ് ഉപരോധിച്ചു. ബഹുമാനപ്പെട്ട മന്ത്രി, ഇതിവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് പറയുമ്പോൾ എന്തിനാണ് ശ്രീ. എം. എം. മണി ഇടുക്കിയിൽ റോഡ് ഉപരോധിച്ച് നാട്ടുകാരെ തടഞ്ഞത്; ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ

വേണ്ടിയല്ലേ; ഇതുപോലെ എത്രയോ സ്ഥലങ്ങൾ. ഈ ദിവസം തന്നെ വയനാട് ചേക്കാടിയിൽ ബാലൻ, സുകുമാരൻ സഹോദരങ്ങൾക്ക് ആനയുടെ അക്രമത്തിൽ പരിക്കേറ്റു. പി.എം.-2 എന്ന ആന ബത്തേരി ടൗണിന്റെ ഹൃദയഭാഗത്തുവച്ച് ആളുകളെ ആക്രമിച്ചു. അതിന്റെ ദൃശ്യങ്ങൾ നമ്മളെല്ലാം ടെലിവിഷനിൽ കണ്ടതാണ്. 4 ദിവസം കഴിഞ്ഞാണ് പ്രസ്തുത ആനയെ മയക്കുവെടിവച്ച് പിടികൂടിയത്. ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സായ ബത്തേരി ടൗണിൽ നിരോധനാജ്ഞ പ്രഖ്യാപിക്കേണ്ടിവന്നു. ജനങ്ങൾ പുറത്തിറങ്ങരുതെന്ന് പ്രഖ്യാപിച്ചു. വന്യമൃഗങ്ങൾക്കെതിരെ നിരോധനാജ്ഞ പ്രഖ്യാപിക്കാൻ പറ്റില്ലല്ലോ; കഴിഞ്ഞ മാസമാണിത്. വേറൊന്ന് വിഷയമാണ് നിയമസഭയിൽ ചർച്ച ചെയ്യേണ്ടത്; പാലക്കാട് ധോണിയിൽ നാല് ദിവസം കഴിഞ്ഞ് പി.ടി.-7 എന്ന ആനയെ മയക്കുവെടിവച്ച് പിടിക്കാൻ സാധിച്ചു. വയനാട്ടിലെ ആൾ മരിച്ചതിനുശേഷം മാതൃഭൂമി ദിനപത്രത്തിൽ എഡിറ്റോറിയൽ വന്നു, 'വന്യജീവി ആക്രമണം- പരിഹാരം വേണം.' മനോരമ ദിനപത്രത്തിൽ വന്നത് 'നാട് വിറപ്പിച്ച് കാട്ടുമൃഗങ്ങൾ' . എന്നാണ്. പ്രധാനപ്പെട്ട ദിനപത്രങ്ങളിൽ ജനവികാരം ജനകീയ ആവശ്യം മനസ്സിലാക്കിയാണ്. വയനാട്ടിലെ തോമസിന്റെ മരണത്തിനുശേഷം,

15.01.2023-ന് മാതൃഭൂമി ദിനപത്രത്തിൽ ശ്രീ. എം. വി. ശ്രേയാംസ് കുമാർതന്നെ പേരുവച്ചെഴുതിയ നീണ്ടൊരു ലേഖനമുണ്ട്. 'മനുഷ്യനും കടുവയും നേർക്കുനേർ വരുമ്പോൾ'. അതിലെ വാക്കെന്താണ്; " 344 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതത്തിൽ ഏകദേശം 140 കടുവകളുണ്ടെന്നാണ് കണക്ക്. വയനാട് വന്യജീവി സങ്കേതത്തിന് താങ്ങാവുന്നതിനും അപ്പുറത്താണിത്. 100 കടുവകൾക്കുമാത്രം 1200 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വനപ്രദേശം ആവശ്യമാണെന്ന് വിദഗ്ധർ പറയുന്നു." ഇവിടെ 344 ചതുരശ്ര കിലോമീറ്ററലിൽ 140 കടുവകളുണ്ടെന്ന് ശ്രീ. എം. വി. ശ്രേയാംസ് കുമാർ പേരുവച്ചെഴുതിയ ലേഖനത്തിൽ പറയുന്നു. മലയാള മനോരമ ദിനപത്രത്തിൽ വീണ്ടുമൊരു ലേഖനം വന്നു. 'നാട്ടുകാരെ വേദനിപ്പിക്കുന്ന ഈ സംഭവം ആശങ്കയും ഉത്കണ്ഠയുമുളവാക്കുന്ന സംഭവമായതുകൊണ്ടാണിത്. കർഷക വേദന കാണാതിരിക്കരുത്, കൈവിടരുത്.' എന്നാണ് ഡോ. ഇ. കെ. ഈശ്വരൻ, മനോരമയിൽ പറഞ്ഞിട്ടുള്ളത്. ഇദ്ദേഹം റിട്ടയേർഡ് സ്റ്റേറ്റ് ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറാണ്. ഇദ്ദേഹം പറയുന്നതെന്താണ്; "വിളനഷ്ടത്തേക്കാൾ മനുഷ്യരുടെ ജീവന് ഭീഷണിയും നാശവും

സംഭവിക്കുന്ന സാഹചര്യങ്ങൾ കൂടുതൽ ഗൗരവതരമായ ചർച്ചകൾക്കും രാഷ്ട്രീയ ഇടപെടലുകൾക്കും മനുഷ്യ കേന്ദ്രീകൃതമായ തീരുമാനങ്ങൾക്കും കാരണമാകും. അതിനാൽത്തന്നെ മനുഷ്യ-മൃഗ സംഘർഷം കുറേക്കൂടി വിശാല മാനത്തിൽ നാം കാണുകയും പഠിക്കുകയും പരിഹരിക്കുകയും വേണം.'' ഇത് ഈ സഭയിൽ ചർച്ച ചെയ്യുന്നതിലെന്താണ് തെറ്റ്?

ഇടുക്കിയിലെ ആനകൾക്ക് പേരിട്ടിരിക്കുന്നത്..., ഒരാനയുടെ പേര് അരിക്കൊമ്പൻ. റേഷൻ കടയിലാണ് ഈ ആന പോകുന്നത്. പത്രങ്ങളിലൊക്കെ വാർത്തകൾ വന്നതാണ്. ഒരു ആനയുടെ പേര് 'പടയപ്പ്', മറ്റൊന്നിന്റേത് 'ചക്കക്കൊമ്പൻ' എന്നിങ്ങനെയാണ്. ആരും പറമ്പിൽ ചക്കപ്പഴമുണ്ടാകാൻ ഇടയാക്കരുതെന്നാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പറഞ്ഞിരിക്കുന്നത്. ആനയെ പ്രതിരോധിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർ പറഞ്ഞിരിക്കുന്ന നടപടിയാണിത്. കപാലി എന്നൊരു ആന യാത്രക്കാരുമായി വന്നൊരു ബസ്സിനെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ 8 കിലോമീറ്റർ പിറകോട്ട് ബസ്സോടിച്ചാണ് ബസ് ഡ്രൈവർ യാത്രക്കാരെ രക്ഷിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഒന്നും സംഭവിച്ചില്ലെന്ന്. തൃശ്ശൂർ മലക്കപ്പാറയിലെ കാട്ടുപോത്തിന്റെ ആക്രമം അവിടത്തെ ജനങ്ങൾക്ക്

പ്രയാസമുണ്ടാക്കുന്നു. പേരാവൂരിൽ കണിച്ചിയാർ പഞ്ചായത്തിൽ ഏലപ്പീടിക എന്നൊരു സ്ഥലമുണ്ട്. അവിടെ വെള്ളക്കല്ലിങ്ങൽ സ്റ്റാൻലി എന്ന കർഷകന്റെ പറമ്പിൽ കുരങ്ങുശല്യം അസഹനീയമാണ്. വീട്ടിൽ കയറിപ്പോലും കുരങ്ങ് ഭക്ഷണവും വസ്ത്രവും എടുത്തുകൊണ്ട് പോകുന്നു. അദ്ദേഹം അവസാനം പെട്രോളുമെടുത്ത് ഒരു മരത്തിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കി. പഞ്ചായത്ത് പ്രസിഡന്റും ഞാനുമൊക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ചറിയിച്ചു. ഉദ്യോഗസ്ഥർ നടപടിയുണ്ടാകുമെന്ന് ഉറപ്പുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ആത്മഹത്യയിൽനിന്ന് പിന്തിരിഞ്ഞ് താഴെയിറങ്ങി. കൊട്ടിയൂരിൽ പാൽച്ചുരത്ത് കാഞ്ഞിരത്താംകുഴി തോമസ് എന്നയാൾ മൂന്നര ഏക്കർ സ്ഥലത്തിന്റെ ഉടമയാണ്. അദ്ദേഹം 73 ദിവസമായി ഒറ്റയാൻ കുത്തിയിരിപ്പ് സമരം നടത്തുകയാണ്. ഞാൻ അദ്ദേഹത്തെ ഇന്നലെയും വിളിച്ചിരുന്നു. തന്റെ മൂന്നരയേക്കർ സ്ഥലത്തെ കൃഷി പൂർണ്ണമായും കാട്ടുപന്നിയും കുരങ്ങും മലയണ്ണാനുമെല്ലാം നശിപ്പിക്കുന്നതിനെതിരെ ജനശ്രദ്ധയും ഉദ്യോഗസ്ഥ നടപടിയും വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം സമരം നടത്തുന്നത്. വനംവകുപ്പ്

ഉദ്യോഗസ്ഥർ അവിടെപ്പോയി സ്റ്റേറ്റുമെന്റെടുത്തു. വേറെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഒരു വർഷത്തിനിടയിൽമാത്രം കേരളത്തിൽ കൊല്ലപ്പെട്ടത് 144 പേരാണ്. ആറളം ആദിവസി മേഖലയിൽത്തന്നെ കഴിഞ്ഞ വർഷങ്ങളിലായി 10-12 ആളുകൾ മരിച്ചു. 5 വർഷത്തിനിടയിൽ കേരളത്തിൽ 640 ആളുകൾ മരിച്ചു. 6252 പേർക്ക് പരിക്കുപറ്റി. 8805 സ്ഥലങ്ങളിൽ കൃഷിനാശവുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്തു. 2021 മുതൽ കൃഷിനാശത്തിനുള്ള, പരിക്കുകൾ പറ്റുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നില്ല. ഞാൻ എത്രയോ പ്രാവശ്യം ഇക്കാര്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. പരിക്കുപറ്റുന്ന ആളുകൾ ഉദ്യോഗസ്ഥരെ വിളിച്ചിട്ട് കിട്ടാത്തതുകൊണ്ടോ അല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതുകൊണ്ടോ ജനപ്രതിനിധികളെയാണ് വിളിക്കുന്നത്. ഞങ്ങൾ ആവശ്യപ്പെട്ടിട്ടും ഇതിന് പരിഹാരമുണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, ഇന്ന് കണ്ണൂരിൽ ഫോറസ്റ്റ് വാച്ചർമാർ രാഷ്ട്രീയമില്ലാതെ സമരത്തിലാണ്. കാരണം വാച്ചർമാർ തുച്ഛശമ്പളത്തിനുമല്ല, കൂലിക്ക് നിൽക്കുന്നവരാണ്. അവർക്ക് ആറുമാസമായി ശമ്പളം കൊടുത്തിട്ടില്ല. ഈ വിഷയം ഇവിടെയല്ലാതെ വേറെയെവിടെയാണ് ചർച്ച ചെയ്യേണ്ടത്? ഇന്ന് അവിടെ സമരം നടക്കുകയാണ്, പണവുമില്ല,

പദ്ധതിയുമില്ല. ആരു വിളിച്ചാലും ഫോൺ എടുക്കണമെന്ന് വനം വകുപ്പിൽനിന്നും വനം പ്രിൻസിപ്പിൽ സെക്രട്ടറി അവസാനമൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെയർത്ഥമെന്താണ്? ഇതുവരെ ആരു വിളിച്ചാലും ഫോൺ എടുക്കുകയില്ല അതായിരുന്നു വനം വകുപ്പിലെ അവസ്ഥ. സാധാരണ കെ.എസ്.ഇ.ബി.യെക്കുറിച്ചായിരുന്നു ആ പരാതി പറഞ്ഞിരുന്നത്, അത് ഒരുവിധം പരിഹരിച്ചു. ഇപ്പോൾ വനം വകുപ്പിലാണ് ആരു വിളിച്ചാലും ഫോൺ കിട്ടാത്തത്, ഞാൻ ഫോൺ വിളിച്ചാൽ ചിലയവസരങ്ങളിൽ കിട്ടാറുണ്ട്.

പക്ഷെ, സാധാരണക്കാർ അവരുടെ ജീവനും സ്വത്തിനും ഭീഷണി വരുമ്പോൾ ആര് വിളിച്ചാലും നടപടിവേണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാന്യനായ മന്ത്രി ആറളത്തെ ഒരു കാര്യം പറഞ്ഞപ്പോൾ, അങ്ങും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹവും ബഹുമാന്യനായ രാധാകൃഷ്ണനും കൂടി ആറളത്ത് വന്ന് എടുത്ത തീരുമാനം നടപ്പിലാക്കാത്തതിനെ തുടർന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പാർട്ടി സെക്രട്ടറിയായപ്പോൾ അദ്ദേഹത്തിന് കണ്ണൂർ കളക്ടറേറ്റിൽ സമരം ചെയ്യേണ്ടി വന്നില്ലേ? ആദ്ദേഹത്തിന്റെ നേതൃത്വത്തിലെടുത്തൊരു തീരുമാനം ആ തീരുമാനം നടപ്പിലാക്കാൻ, സർക്കാർ തയ്യാറാകാതെ വന്നപ്പോൾ അതിനെതിരെ ശ്രീ. എം. എം. മണിക്കുമാത്രമല്ല ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിനും സമരം

ചെയ്യേണ്ടിവന്നു. ആ ഉത്തരവ് ഏതാണ്? 28-03-2020-ലെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച 22 കോടി രൂപ അത് വനം വകുപ്പിൽ നിന്നല്ല, ശ്രീ. എ. കെ. ബാലൻ മിനിസ്റ്റർ ആയിരുന്നപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആറളത്തെ ആദിവാസികളുടെ ജീവൻ രക്ഷിക്കാൻ അനുവദിച്ച 22 കോടി രൂപയുടെ പദ്ധതി ഇപ്പോഴും തുടങ്ങിയിട്ടില്ല. ഇപ്പോഴും അത് കടലാസ്സിലാണ് നിൽക്കുന്നത്, ഇത് ചർച്ച ചെയ്യേണ്ടതല്ലേ? ഇന്നത്തെ വാർത്തയെന്താണ്? 'ശാന്തിമുക്കിലും പുലി, പുലിയുടെ മുന്നിൽപെട്ട് ടാപ്പിംഗ് തൊഴിലാളി അടുത്ത വീട്ടിൽ ഓടിക്കയറി രക്ഷപ്പെട്ടു, ഭീതിയൊഴിയാതെ മലയോരം'. ഇതെല്ലാം എന്റെ മണ്ഡലത്തിലാണ് നടന്നത്. അടുത്ത ഒരു വാർത്ത ' മീശക്കവലയിൽ പുലി, വനം വകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും തമ്മിൽ തർക്കം' എന്നാണ്. ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതി പ്രവർത്തകൻ മാധവ് ഗാഡ്ഗിൽ പോലും......, പരിസ്ഥിതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകളോട് എല്ലാപേർക്കും യോജിക്കാൻ കഴിയുകയില്ല. മാധവ് ഗാഡ്ഗിലിന്റെ ഒരു ഇന്റർവ്യൂ ഉണ്ട്. ഇന്ത്യയിലെ വനം വന്യജീവി നിയമം ലോകത്തൊരു രാജ്യത്തുമില്ലാത്ത കർക്കശനിയമമാണ്. 'വന്യമൃഗങ്ങളെ നിയന്ത്രിതമായ രീതിയിൽ വേട്ടയാടുന്നതിന്, അവയുടെ എണ്ണം കുറയ്ക്കാനും വനത്തിനടുത്ത് ജീവിക്കുന്നവരെ മൃഗങ്ങളിൽ നിന്നും സംരക്ഷിക്കാനും സാധ്യമാകും. ജീവനും സ്വത്തിനും

ഭീഷണിയാകുന്ന വന്യജീവികളെ കൊല്ലരുതെന്നു പറയുന്നത് ഭരണഘടനാ വിരുദ്ധമാണ്. വേട്ടയാടേണ്ടത് ഇന്നത്തെ കാലത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്നാണ്. മനുഷ്യന്റെ ആവാസ മേഖലയിൽ അതിക്രമിച്ചു കടക്കുന്ന വന്യജീവികളെ കൊല്ലുന്നതിൽ തെറ്റില്ല. ഇന്ത്യയിൽ മാത്രമാണ് രാജ്യ വ്യാപകമായി മൃഗവേട്ടയ്ക്ക് നിരോധനമുള്ളത്. ഇത് മാതൃഭൂമിയിൽ അദ്ദേഹത്തിന്റെ ഇന്റർവ്യൂ ആണ്. ഇതിനോട് യോജിക്കുന്നു, ഇതിൽ ആർക്കാണ് വിയോജിപ്പുള്ളത്. അതുകൊണ്ട് ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണം, സർക്കാർ ഇപ്പോഴും മന്ത്രി പറയുന്ന....., സാധാരണ സ്റ്റീരിയോടൈപ്പ് മറുപടിയാണ് പറയുന്നത്. ഇപ്രാവശ്യം ഒരു മറുപടി പോലുമില്ല, ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്ന് പറഞ്ഞ് ഇതിനെ ലളിതവൽക്കരിക്കുകയാണ്. ഇത് അതീവ ഗുരുതരമായൊരു ജീവൽപ്രശ്നമാണ്. സർക്കാർ ഇക്കാര്യത്തിൽ ഉറക്കം നടിക്കുകയാണ്; ഉറക്കമുണരണം; ബഹു.മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ഈ പ്രശ്നത്തിന്റെ ഗുരുതരമായ ആഴം മനസ്സിലാക്കി ഇത് ചർച്ച ചെയ്യണം. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയെന്നു പറഞ്ഞാൽ സഭ അവസാനിപ്പിക്കുകയെന്നതല്ല; ഇന്നത്തെ ദിവസം സഭാ നടപടികൾ പൂർത്തീകരിച്ചതിനുശേഷം, ഈ വിഷയം ചർച്ചചെയ്യാൻ സമയം കണ്ടെത്തണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഞാൻ പറഞ്ഞത് ഇവിടെ ഇത്തരത്തിലുള്ള അനിഷ്ട സംഭവങ്ങൾ നടക്കുന്നുണ്ടെന്ന തന്നെയാണ്. അദ്ദേഹം തന്നെ പറഞ്ഞു, മാധവ് ഗാഡ്ഗിലിന്റെ അഭിപ്രായം. ഈ അഭിപ്രായമുൾപ്പെടെ നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇവിടെ വ്യക്തമാക്കിയതുപോലെ ഇന്ത്യയിലെ നിയമമാണ് കേരളത്തിലെ നിയമമല്ല, അതാണ് ഗാഡ്ഗിൽ പറഞ്ഞത്. ഇന്ത്യയിലെ പാർലമെന്റ് പാസ്സാക്കിയൊരു നിയമത്തിലെ മാറ്റം സംബന്ധിച്ച് നിയമപരമായ ചർച്ചയാണ് വേണ്ടത്, നിയമ നടപടികളാണ് സ്വീകരിക്കേണ്ടത്. പാർലമെന്റിൽ നിയമം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾക്കാണ് ശ്രമിക്കേണ്ടത്. പാർലമെന്റിൽ ഒരു പ്രമേയം പോലും, കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റണമെന്ന പറഞ്ഞ് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം പോലും ഭാഗ്യവശാലോ, ദൗർഭാഗ്യവശാലോ നമ്മൾ ഉന്നയിച്ചിട്ടില്ല. (...ബഹളം...) ഇതെല്ലാം സൂചിപ്പിക്കുന്നതെന്താണ്? ഈ പ്രശ്നത്തിന് ആഴത്തിലുള്ളൊരു പഠനം ആവശ്യമാണെന്നതന്നെയാണ് നമ്മളെ ബോധ്യപ്പെടുത്തുന്നത്. ആവശ്യത്തിനുള്ള പഠനം നടക്കണമെന്നതന്നെയാണ് ഞാനും പറയുന്നത്. ഗാഡ്ഗിൽ പറഞ്ഞതെന്താണ്, ഇതൊക്കെ പരിശോധിക്കേണ്ടതാണ്. അത്

പരിശോധിച്ച് ഒരു ധാരണയിലെത്തിയാൽ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കൂ. അതാണ് ഞാൻ നേരത്തെ പറഞ്ഞത് നമുക്കൊരു പഠനം നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിനെത്തുടർന്ന് പഠന റിപ്പോർട്ട് വന്നാൽ (.....ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചെയറിനെ അഡ്രസ് ചെയ്ത് മറുപടി പറയുക.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിന് ഒരുപാട് വിദഗ്ദ്ധർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ഒരുപാടുപേരോട് ഞങ്ങൾ സംസാരിച്ചിട്ടുണ്ട്, എന്താണ് പരിഹാരം? ആ പരിഹാരം നമ്മളുടെ ചർച്ച കൊണ്ടുമാത്രം കണ്ടെത്താൻ കഴിയുന്നതല്ല. വിശദമായൊരു പഠനം ആവശ്യമാണ്. ആ പഠനത്തെ തുടർന്നുള്ള റിപ്പോർട്ടുകൾ ലഭിക്കണം. (...ബഹളം...) ഇവിടെ ഞാൻ ഒട്ടും ലഘൂകരിക്കാൻ ശ്രമിച്ചിട്ടില്ല. അങ്ങനെ ശ്രമിച്ചിരുന്നുവെങ്കിൽ 2016-17 -ൽ 104 മരണം, 2018 -ൽ 119, 2020 -ൽ 146, 2021 -ൽ 92, പിന്നീടുള്ള വർഷങ്ങളിൽ 88 വീതം. ആകെ 5 വർഷംകൊണ്ട് 637 മരണങ്ങളാണ് നടന്നിട്ടുള്ളത്. ഞാൻ അത് പറയാൻ ശ്രമിച്ചില്ല, കാരണം അങ്ങനെ പറഞ്ഞു പോകേണ്ടൊരു കാര്യമല്ലായെന്ന് എനിക്ക് തോന്നി, ഒരു ന്യായം പറഞ്ഞ് ഒഴിഞ്ഞുമാറാനല്ല ശ്രമിച്ചത്. സംഭവിക്കുന്ന

യാഥാർത്ഥ്യത്തിനുനേരെ കണ്ണടച്ചിരിക്കുന്നതിനു പകരം നമുക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തണം. ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടോ എന്നൊരു ആശങ്ക അത് സ്വാഭാവികമാണ്. നമ്മൾ ഇപ്പോൾ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്, കടുവകളെ പിടിച്ച് പറമ്പിക്കുളം, പെരിയാർ എന്നീ ടൈഗർ റിസർവുകളിലേക്ക് ഷിഫ്റ്റു ചെയ്യുക, ഇപ്പോൾ തീരുമാനിച്ചത് അതാണ്. വയനാട്ടിൽ ടൈഗർ സെൻസസ് നടത്താൻ തീരുമാനിച്ചു. കേരളത്തിൽ എല്ലായിടത്തും ആനകളുടെ എണ്ണം സംബന്ധിച്ച സെൻസസ് നടത്താൻ തീരുമാനിച്ചു. ആനകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടകളുണ്ടാകും. നഷ്ടപരിഹാരം സംബന്ധിച്ചൊരു ആലോചന നടത്തേണ്ടതുണ്ട്, അതും ചെയ്യും. വയനാട് മാതൃകയിലുള്ള സ്പെഷ്യൽ ആർ.ആർ.റ്റി.-കളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം സ്ഥലങ്ങളിൽ വിന്യസിപ്പിക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ഭരണകക്ഷി പ്രതിപക്ഷ പ്രശ്നമല്ലാത്തതുകൊണ്ടാണ് ഞാൻ അങ്ങനെ .....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വയനാട്ടിൽ മരിച്ച തോമസിന്റെ വീട്ടിൽ പോയിരുന്നു. അവരുടെ വീട്ടുകാരുടെ പരാതി കടുവ ആക്രമിച്ചശേഷം മാനന്തവാടി മെഡിക്കൽ കോളേജിൽ കൊണ്ടുപോയി, ഒരു ചികിത്സയും കിട്ടിയില്ല. മെഡിക്കൽ കോളേജിൽ നിന്നും ജില്ലാ ആശുപത്രിയിലേക്ക് റഫർ

ചെയ്യുകയാണ്, കല്പറ്റയിൽ, എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? അവിടെ ചെന്ന് ചോരയൊലിപ്പിച്ച് എത്രയോ മണിക്കൂർ കഴിഞ്ഞാണ് തോമസ് മരിക്കുന്നത്. ഞാൻ അവിടെ ചെന്നതിനുശേഷമാണ് അങ്ങ് അവിടെ എത്തിയത്, അങ്ങയോടും പറഞ്ഞു കാണുമല്ലോ? ഗവൺമെന്റ് എന്തു നടപടിയാണ് ഇക്കാര്യത്തിൽ എടുത്തത്? ബഹു. ആരോഗ്യവകുപ്പുമന്ത്രിയുമായി അങ്ങ് ഇക്കാര്യം സംസാരിച്ചിട്ടുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തോമസ് എന്ന വ്യക്തിയുടെ മരണം സംബന്ധിച്ചാണ് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത്, ദൗർഭാഗ്യകരമായ ആ മരണം വളരെ ദുഃഖകരമാണ്, അങ്ങനെയൊന്ന് സംഭവിക്കാൻ പാടില്ലായിരുന്നു. പക്ഷേ അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ വസ്തുതാപരമായ തെറ്റുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നം മരണപ്പെട്ട വ്യക്തിയുടെ കുടുംബം ഉന്നയിച്ച സാഹചര്യത്തിൽ വിശദമായ റിപ്പോർട്ട് ആരോഗ്യവകുപ്പ് തേടിയിരുന്നു. തോമസിനെ വയനാട് മെഡിക്കൽ കോളേജിലേയ്ക്ക് (മാനന്തവാടി ആശുപത്രിയിൽ) കൊണ്ടുവരുമ്പോൾ അവിടെ സർജൻ ഉൾപ്പെടെ സീനിയർ ഡോക്ടേഴ്സ് ഡ്യൂട്ടിയിലുണ്ടായിരുന്നു. അവർ പ്രസ്തുത വ്യക്തിയെ പരിശോധിക്കുകയും സ്റ്റെബിലൈസ്

ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ ആശുപത്രി രേഖകളിൽനിന്നും മെഡിക്കൽ റിക്കാർഡുകളിൽനിന്നും വ്യക്തമാകുന്നുമുണ്ട്. അദ്ദേഹത്തിന്റെ രക്തധമനികളിൽനിന്നും വലിയതോതിൽ രക്തം വാർന്നുപോയിരുന്നതിനാൽ സ്പെഷ്യലിസ്റ്റ് പരിശോധിക്കേണ്ടതാണെന്ന നിഗമനത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനമുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണുണ്ടായത്. മാനന്തവാടി ആശുപത്രിയിൽനിന്നും സ്റ്റെബിലൈസ് ചെയ്ത് ആംബുലൻസിൽ പറഞ്ഞയയ്ക്കുമ്പോൾ വൈറ്റൽസ് നോർമലായിരുന്നുവെന്നാണ് റിക്കാർഡിലുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ,....

<u>മി. സ്പീക്കർ</u>: No..No.. This is not a debate..Continue. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് പ്രസംഗം തുടരാം.....

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വനം വകുപ്പ് ഇതിനോടകംതന്നെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്, പ്രസ്തുത നടപടികളുടെ ഭാഗമായി ചർച്ചകളും നടത്തിയിട്ടുണ്ട്. വയനാട്, പാലക്കാട്, ഇടുക്കി എന്നീ

ജില്ലകളിലെല്ലാം ജനപ്രതിനിധികളെ വിളിച്ചുചേർത്ത് കൂടിയാലോചനകൾ മന്ത്രിതലത്തിൽതന്നെ നടത്തിയിട്ടുണ്ട്. ഇന്നലത്തെ കൂടിയാലോചനാ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനുശേഷവും ദൗർഭാഗ്യവശാൽ അവിടെ സമരം നടക്കുകയാണ്. തൃപ്തികരമായ ഒരു ഫോർമുലയാണെന്ന് ചർച്ചയിൽ പങ്കെടുത്ത നേതാക്കന്മാർ സമ്മതിച്ചുപോയതിനുശേഷവും സമരം തുടരുന്നതിന്റെ ആവശ്യകതയുണ്ടോയെന്ന് പുനരാലോചിക്കേണ്ടതാണ്. ഇപ്പോൾ സ്വീകരിച്ച നടപടികൾ കൂടുതൽ ഫലപ്രദമായും ദീർഘവീക്ഷണത്തോടെയും നടപ്പിലാക്കുന്നതാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾക്കിടയാക്കുന്ന സാഹചര്യം, സ്വീകരിക്കേണ്ട പരിഹാര മാർഗ്ഗങ്ങൾ എന്നിവയെയെല്ലാം സംബന്ധിച്ച് വിദഗ്ധന്മാർ ഉൾപ്പെട്ട ഒരു സംഘം അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ നമുക്ക് ചർച്ച നടത്താമെന്നും അതിനെ സമ്പുഷ്ടമാക്കി മുമ്പോട്ടുള്ള കാര്യങ്ങൾ തീരുമാനിക്കാമെന്നും ഞാൻ ആവർത്തിക്കുകയാണ്. കാട്ടാനകളും കടുവകളും കുരങ്ങന്മാരും ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം. കാട്ടുപന്നികളുണ്ടാക്കുന്ന പ്രശ്നം ഇപ്പോൾത്തന്നെ ഏതാണ്ട് നിയന്ത്രണവിധേയമായല്ലോ; സർക്കാർ

ഉചിതമായ തീരുമാനമെടുത്തതുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്? രണ്ടായിരത്തിലധികം കാട്ടുപന്നികളെ ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ നാട്ടുകാരുടെകൂടി സഹായത്തോടെ കൊന്നിട്ടുണ്ട്. പ്രസ്തുത ദൗത്യത്തിനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകണമെന്നത് പ്രതിപക്ഷംതന്നെ ആവശ്യപ്പെട്ട കാര്യമായിരുന്നു, അതിനുള്ള നടപടി സ്വീകരിക്കപ്പെട്ടു. അഭിപ്രായം പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ എന്നുനോക്കിയല്ല നടപടി സ്വീകരിച്ചത്. ന്യായമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. പക്ഷേ ഈ ഘട്ടത്തിൽ യുക്തമായ ഒരു റിപ്പോർട്ടില്ലാതെ ചർച്ച നടത്തുന്നത് സഭയ്ക്ക് സമയനഷ്ടം ഉണ്ടാക്കുമെന്നതുകൊണ്ടാണ് ചർച്ച ഇപ്പോൾ ആവശ്യമില്ലെന്ന് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മൊത്തം ഭൂവിസ്തൃതിയുടെ 29.1% വനഭൂമിയുള്ള കേരളത്തിന്റെ വനാതിർത്തിയിലെ മനുഷ്യ-വന്യജീവി സംഘർഷബാധിത മേഖലയിൽ ഇതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ട് 30 ലക്ഷം ആളുകൾ ജീവിക്കുന്നുണ്ട്. ഈ മേഖലയിലെ 725 സെറ്റിൽമെന്റുകളിലായി ഒരു ലക്ഷത്തിൽ കൂടുതൽ ആദിവാസികളും താമസിക്കുന്നുണ്ട്. നേരത്തേ സൂചിപ്പിച്ച 30 ലക്ഷത്തിൽപ്പരംവരുന്ന ആളുകളെ പരിഭ്രാന്തിയിലും ഭീതിയിലുമാഴ്ത്തിക്കൊണ്ട് വ്യാപകമായി വനാതിർത്തിയിലും, വനാതിർത്തിയുംകടന്ന് 10-ഉം 15-ഉം കിലോമീറ്റർ ദൂരെയുള്ള മനുഷ്യവാസ മേഖലയിലേയ്ക്കും, ബത്തേരി പോലുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലേയ്ക്കും വന്യജീവി ശല്യം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്, ഇക്കാര്യം ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് സൂചിപ്പിച്ചുകഴിഞ്ഞു. അവിടെയുള്ള മനുഷ്യർ ഭീതിയിലാണ് ജീവിക്കുന്നത്. കുഞ്ഞുങ്ങളെ സ്കൂളിലയ്ക്കാൻ രക്ഷിതാക്കൾക്ക് ഭയമാണ്. പ്രായമായവർക്ക് പുറത്തേക്കിറങ്ങാനും ആളുകൾക്ക് ദേവാലയങ്ങളിലടക്കം പോകാനും സാധിക്കാത്ത ഭീതിതമായ അവസ്ഥയാണ്. രാത്രിയിൽ എന്തെങ്കിലും ശബ്ദം കേട്ടാൽപ്പോലും ആളുകൾക്ക് പുറത്തിറങ്ങി നോക്കാൻ

ഭയമാണ്. ഇത്രമാത്രം അരക്ഷിതാവസ്ഥ കേരളത്തിൽ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞത്, ചർച്ച ചെയ്ത് എന്തിനാണ് വെറുതേ സമയം കളയുന്നതെന്നാണ്. നിമയസഭാ സമ്മേളനം തുടങ്ങിയതിന്റെ ആദ്യദിവസംതന്നെ ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവരാൻ കാരണം പ്രസ്തുത വിഷയത്തിന്റെ ഗൗരവംകൊണ്ടാണ്. വയനാട്, ഇടുക്കി, കണ്ണൂർ തുടങ്ങി കേരളത്തിൽ വനാതിർത്തിയുള്ള ഏത് ജില്ലയിൽ ചെന്നാലും അവിടെയുള്ള മനുഷ്യർ ആധിയിൽ ജീവിക്കുന്നതാണ് കാണുന്നത്. വകുപ്പുമന്ത്രി മീറ്റിംഗ് നടത്തിയല്ലോ, പിന്നെ എന്തിനാണ് സമരം ചെയ്യുന്നത് എന്നാണ് ചോദിക്കുന്നത്. ഇടുക്കിയിൽനിന്നും നേരെ കാട് കയറിപ്പോയ നാല് കൊമ്പന്മാർ റോഡിലുണ്ട്! ആ ഒറ്റയാന്മാരെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. 'പടയപ്പ' 'ഹരികൊമ്പൻ' 'ചക്കക്കൊമ്പൻ' കാപാലിക' എന്നിങ്ങനെ വിശേഷിപ്പിക്കുന്ന ആ കൊമ്പന്മാരെല്ലാം റോഡിലാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലത്തെ മീറ്റിംഗ് നടത്തിയപ്പോൾത്തന്നെ ഇവയെല്ലാം കാട് കയറിപ്പോയോ? സമരം ചെയ്യുന്നത് ഭീതിയിൽ നിന്നാണ്, ഗവൺമെന്റ് ഇടപെടാൻ വേണ്ടിയാണ്. മനുഷ്യരെ കൊന്നാൽ മാത്രമേ ആനയെ

മയക്കുവെടിവച്ച് കൂട്ടിലാക്കുകയോ വനത്തിലേയ്ക്ക് കയറ്റിവിടുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയുള്ളൂ എന്നുണ്ടോ? കടുവ നാട്ടിലിറങ്ങി എന്നുപറഞ്ഞാൽ പ്രശ്നമില്ല, ആളെ കൊന്നുകഴിയുമ്പോഴാണ് കടുവയെ പിടിക്കാൻ കൂട് വയ്ക്കുന്നത്. ആളുകൾ സമരം ചെയ്യുമ്പോൾ മാത്രമാണ് കൂടുപോലും കൊണ്ടുവരുന്നത്. വയനാട്ടിലെയും ഇടുക്കിയിലെയും ആളുകൾ വിളിച്ച് പരാതിപറയുന്ന സമയത്ത് എത്രയോ വിഷയത്തിൽ ഞാൻതന്നെ അങ്ങയെ വിളിച്ചിട്ടുണ്ട്. ഇതിലൊക്കെ എന്ത് നടപടിയാണ് വനംവകുപ്പ് സ്വീകരിച്ചത്? കൃഷി മുഴുവൻ നശിച്ചുപോകുകയാണ്. പന്നിയുടെ ശല്യം കുറഞ്ഞില്ലേ എന്നാണ് ചോദ്യം. വനാതിർത്തിയിൽ ഇപ്പോൾ കിഴങ്ങുകൃഷിയെന്ന ഒന്നില്ല. ഭൂമിക്കടിയിലെ കിഴങ്ങുവർഗ്ഗങ്ങൾ മുഴുവൻ പന്നി നശിപ്പിച്ചു, ചെറിയ കരിക്ക് ആകുമ്പോൾത്തന്നെ നാളികേരം മുഴുവൻ കുരങ്ങുകൾ കൊണ്ടുപോകുന്നു, ആനകയറി വാഴത്തോട്ടം മുഴുവനും മറ്റെല്ലാതരം കൃഷികളും നശിപ്പിക്കുകയാണ്, റബ്ബറിന്റെ തൈ വച്ചുപിടിപ്പിച്ചതുപോലും നശിപ്പിക്കുന്നു. ഒരു കൃഷിയും ചെയ്യാൻ കഴിയുന്നില്ല. 2021 ജൂൺ മുതൽ ഇതുസംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് കെട്ടിക്കിടക്കുന്നത്; കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം

കൊടുക്കണ്ടേ? ഇപ്പോഴത്തെ കൃഷി മുഴുവൻ നശിച്ചുപോയതിനാൽ നഷ്ടപരിഹാരം ലഭിച്ചാൽമാത്രമേ അവർക്ക് അടുത്ത പ്രാവശ്യം കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ. കാർഷിക മേഖല മുഴുവൻ ഇത്തരത്തിലുള്ള ഭീതിയിലാണ്. ആനകളും കുരങ്ങുകളും പന്നികളും വലിയ കൂട്ടങ്ങളായി ഇറങ്ങുകയാണ്. എല്ലാം തകർത്ത് നശിപ്പിച്ചതിനുശേഷമാണ് ഇവ കാട്ടുകയറിപോകുന്നത്. ഇതാക്കെയാണോ നിസ്സാരമായി കാണേണ്ട വിഷയങ്ങൾ? ജീവനും സ്വത്തിനും സംരക്ഷണമില്ല. കൃഷിയിടങ്ങളിൽ ഒരു വിളയും കൃഷിചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. വന്യജീവി ആക്രമണംമൂലം കേരളത്തിൽ ഒരു വർഷത്തിനിടയ്ക്ക് 144 ആളുകൾ മരിക്കുകയും 8705 കർഷകർക്ക് കൃഷിനാശം സംഭവിക്കുകയും ചെയ്തു. ആർക്കെങ്കിലും നഷ്ടപരിഹാരം ലഭ്യമാക്കിയോ? ഒന്നരക്കൊല്ലമായി അപേക്ഷകളെല്ലാം തീർപ്പാക്കാതെ കിടക്കുകയാണ്. ഒരാൾക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. കടുവശല്യം നാട്ടിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഇതുവരെ എന്തെങ്കിലും പഠനം നടത്തിയോ? ഇനി പഠനം നടത്താൻ പോകുകയാണെന്നാണ് പറയുന്നത്! ഈ അവസ്ഥ തുടങ്ങിയിട്ട് എത്ര നാളായി. കടുവയുടെ

ആവാസം ടെറിട്ടോറിയലാണ്. ഒരു കടുവയ്ക്ക് അതിന്റെ വാസപ്രദേശമായി 20 സ്ക്വയർ കി. മീറ്റർ ആവശ്യമാണ്. ആ പ്രദേശത്തേയ്ക്ക് മറ്റൊരു കടുവയെ പ്രവേശിപ്പിക്കില്ല. കടുവ ശീലമാക്കുന്നത് ഒരു ഒറ്റയാൻ ആവാസവ്യവസ്ഥയാണ്. 344 സ്ക്വയർ കി. മീറ്ററുള്ള വയനാട്ടിൽ ഇപ്പോൾ 150 കടുവകളുണ്ട്. ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പഠനങ്ങൾ പ്രകാരം യഥാർത്ഥത്തിൽ 150 കടുവകൾക്ക് 3000 സ്ക്വയർ കി.മീറ്റർ വാസസ്ഥലം ആവശ്യമാണ്. ഒരു കടുവ അതിന്റെ വാസപ്രദേശമായി കണക്കാക്കുന്ന 20 കി.മീറ്റർ ചുറ്റളവിൽ മറ്റാരും കയറാതിരിക്കാനായി നഖംകൊണ്ട് അടയാളപ്പെടുത്തിവയ്ക്കും. മറ്റേതെങ്കിലും കടുവ ഈ പ്രദേശത്തേയ്ക്ക് കയറിയാൽ അതിനെ ആക്രമിക്കും. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം സർക്കാരിനും വനം വകുപ്പിനും അറിവുണ്ടാകണ്ടേ? ഒരു കാട്ടിൽ ഇത്ര കടുവകൾക്കേ ജീവിക്കാൻ സാധിക്കുവെന്ന കണക്കുണ്ട്, അതിനേക്കാൾ കൂടുതൽ കടുവകളുണ്ടെങ്കിൽ അവ പരസ്പരം ആക്രമിക്കുകയും ആക്രമണത്തിൽ പരിക്കേൽക്കുന്ന കടുവ നാട്ടിലേയ്ക്ക് ഇറങ്ങുകയും അവിടങ്ങളിൽ ശല്യമുണ്ടാക്കുകയും ചെയ്യും. ഇത്തരത്തിൽ ഗൗരവതരമായ ധാരാളം പ്രശ്നങ്ങളുണ്ട്, അവയെക്കുറിച്ച് വനം വകുപ്പ് ഇതുവരെ

പഠിച്ചിട്ടില്ലെന്ന് തോന്നുന്നു. ആരാണ് ഇക്കാര്യം പഠിക്കേണ്ടത്; മറ്റേതെങ്കിലും വകുപ്പാണോ; വനം വകുപ്പിന്റെ കൈയ്യിൽ ഇതുസംബന്ധിച്ച ഒരു ഡാറ്റാ കളക്ഷനുണ്ടോ? ആനയുടെയും കടുവയുടെയും പന്നിയുടെയും എണ്ണം നോക്കാൻ പോകുന്നുവെന്ന് ഇപ്പോഴാണ് പറയുന്നത്. ഒരു സ്ഥിതിവിവരക്കണക്കില്ലെങ്കിൽ അതെന്തൊരു വകുപ്പാണ്? ആനയുടെയും കടുവയുടെയും എണ്ണം എത്രമാത്രം പെരുകിയിട്ടുണ്ടെന്ന് കണക്കാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നാട്ടിലുണ്ടെന്നതിനെക്കുറിച്ച് വനം വകുപ്പിന് ഒരറിവുമില്ല. ഇതുതന്നെയാണ് ബഫർ സോണിലും സംഭവിച്ചത്, അതും കുളമാക്കിയത്. ബഫർ സോൺ നിർണ്ണയം വനം വകുപ്പിന്റെ കൈയ്യിൽ കൊടുത്തതുകൊണ്ട് ശരിയാക്കിത്തന്നു, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഔദാര്യമുണ്ടെങ്കിലേ അതിൽനിന്നും ലക്ഷക്കണക്കിന് ആളുകൾക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അതിനേക്കാളും ദയനീയമായാണ് മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച കാര്യങ്ങൾ വകുപ്പ് കൈകാര്യം ചെയ്യുന്നത്. വനാതിർത്തിയിൽ കുറേയേറെ ഫോറസ്റ്റ് വാച്ചർമാരുണ്ട്, അവർക്ക് ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല. അവരാണ് നാട്ടിലിറങ്ങുന്ന ആനയോട് തിരിച്ച് കാട് കയറിപ്പോകാൻ പറയുന്നത്! 'ശക്തിവേൽ'

മരിക്കുന്നത് അങ്ങനെയാണ്. ഗാർഡുമാർ വന്ന് ആനയോട് കയറിപ്പോകാൻ പറയുന്നതല്ലാതെ മറ്റൊരു സംവിധാനവുമില്ലാത്ത വകുപ്പായി വനം വകുപ്പ് മാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും ടെക്നോ-സയന്റിഫിക് സ്റ്റഡി വകുപ്പ് ഇതുവരെ നടത്തിയിട്ടുണ്ടോ? ലോകത്ത് എന്തെല്ലാം റിപ്പോർട്ടുകളാണ് വന്നിരിക്കുന്നത്; ഇതൊന്നും വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് അറിയില്ലേ; ഇതെല്ലാം കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ മെക്കാനിസം Human-Wildlife Conflict Mitigation (HWC) project-കൾ ലോകത്ത് എല്ലായിടത്തും വന്നു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പ്രത്യേക പ്രോജക്റ്റുകൾ വരുന്നുണ്ട്. ഒരുകാര്യം ഞാൻ സമ്മതിക്കുന്നു. കേന്ദ്ര സർക്കാരിന്റെകൂടി സഹായം വേണം. കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നതുവരെ കാത്തിരുന്നാൽ മതിയോ; പാർലമെന്റിൽ ഒരു പ്രമേയംപോലും കൊണ്ടുവന്നില്ലായെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. കേരളത്തിലെ എം.പി.-മാർ പലപ്രാവശ്യം ഈ വിഷയം പാർലമെന്റിൽ കൊണ്ടുവന്നിട്ടുണ്ട്. വൈൽഡ് ലൈഫ് ഇഷ്യൂ സംബന്ധിച്ച വിഷയം ഉന്നയിച്ചിട്ടുണ്ട്. Human-wildlife conflict പരിഹരിക്കണം, 1972-ലെ വൈൽഡ് ലൈഫ് ആക്റ്റ് അമെന്റ്

ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അന്നത്തെ കാലത്ത് നിർമ്മിച്ച ശക്തമായ നിയമമാണത്. വന്യമൃഗങ്ങളെ പൂർണ്ണമായി ഇല്ലായ്മ ചെയ്യാൻ പറ്റില്ലല്ലോ; അതുകൊണ്ടാണ് അന്ന് ആക്ട് നിലവിൽവന്നത്. അന്ന് poaching ഒക്കെ ധാരാളമായി ഉണ്ടായിരുന്ന കാലത്ത്, ആളുകൾ കാടിനകത്ത് കയറി ആനയേയും കടുവയേയും വെടിവയ്ക്കുന്നൊരു കാലത്താണ് വൈൽഡ് ലൈഫ് ആക്ട് കൊണ്ടുവരുന്നത്. അതാണിവിടെ മാധവ് ഗാഡ്ഗിൽ-നെ ക്വാട്ട് ചെയ്തത്. മനുഷ്യന്റെയും കാർഷിക മേഖലയുടെയും സെക്യൂരിറ്റി വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടാണ് ലോകത്തിലെ വികസിത രാജ്യങ്ങൾ മുഴുവൻ മൃഗങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ഒരുപാട് രീതികൾ കൊണ്ടുവന്നത്. ആ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ വൈൽഡ്ലൈഫ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ഓരോ സ്ഥലങ്ങളിലും ആനയെയും കടുവയെയും പന്നിയെയും കൈകാര്യം ചെയ്യേണ്ട രീതികൾ വ്യത്യസ്തമാണ്. വയനാട്ടിൽ കേസ് അഡ്രസ് ചെയ്യുന്നത് വേറൊരു രീതിയിലാണ്. ഇടുക്കിയിൽ വരുമ്പോൾ വ്യത്യസ്തമായ തരത്തിലാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് ചെയ്യുന്നത്. അതിന് പല കാരണങ്ങളുണ്ട്. വന്യജീവികളുടെ എണ്ണം പെരുകയാണെന്ന്

എല്ലാപേരും സമ്മതിക്കുന്നുണ്ട്, ആവാസ വ്യവസ്ഥകളിലും വഴിത്താരകളിലും കാലാവസ്ഥ വ്യതിയാനമുണ്ടാക്കുന്ന വ്യാപകമായ പ്രശ്നങ്ങളുണ്ട്. ഒരു ആനയ്ക്ക് ഒരു ദിവസം 250 കി.ഗ്രാം ഭക്ഷണം വേണം. പത്തും പതിനഞ്ചും ഇരുപത്തിയഞ്ചും വരുന്ന ആനക്കൂട്ടം ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് ഭക്ഷണം തേടി പോകുകയാണ്. പോകുന്നവഴി ആനത്താരകളാണ്. പാലങ്ങളും റോഡുകളും ഇലക്ട്രിക് ലൈനും വന്നാൽ ആനത്താരകൾ മുറിഞ്ഞുപോകും. ഇതെല്ലാം പരിശോധിക്കേണ്ടത് വനം വകുപ്പല്ലേ; എവിടെയാണ് പ്രശ്നം; എവിടെയാണ് ആനത്താരകൾക്ക് തടസ്സമുണ്ടായിരിക്കുന്നത്; അവരുടെ ആവാസവ്യവസ്ഥയ്ക്ക് എവിടെയാണ് പ്രശ്നം ഉണ്ടായിരിക്കുന്നത്; ഏകവിള തോട്ടങ്ങൾ ഉണ്ടാക്കുന്നത്, കാടിനകത്ത് മുഴുവൻ യൂക്കാലിപ്റ്റിസും അതുപോലെയുള്ള മരങ്ങളൊക്കെ നട്ടുപിടിപ്പിക്കുന്നത് കൂടുതൽ മൃഗങ്ങൾ കാടിന് പുറത്തേയ്ക്കിറങ്ങാൻ കാരണമായി വരികയാണ്. ആഹാരത്തിന്റെയും വെള്ളത്തിന്റെയും ദൗർലഭ്യമുണ്ട്. ഈ വിഷയങ്ങൾ കൃത്യമായി പഠിക്കണം. ഇനി വരാനിരിക്കുന്ന പഠനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. ഈ കാര്യത്തിനുവേണ്ടി ഇതുവരെയും ഒന്നും ചെയ്തില്ല. അതിന്റെ കുറ്റസമ്മതമാണ്

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. ഇനി വരാൻപോകുന്നതും വരാനിരിക്കുന്നതുമായ പഠനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. മനുഷ്യൻ ഭീതിയിലും ജീവിക്കാൻ നിവൃത്തിയില്ലാതെ പേടികൊണ്ട് ആളുകൾ വീടിനകത്ത് കഴിയുമ്പോൾ എത്ര നിസ്സാരവത്കരിച്ചുകൊണ്ടും ലാഘവത്തോടെയുമാണ് ഗവൺമെന്റ് ഒരു വിഷയത്തെ കൈകാര്യം ചെയ്യുന്നത്? ആന കിടങ്ങുകൾ ഉണ്ടാക്കുന്നില്ല, സൗരോർജ്ജ വേലികൾ കുറവാണ്, ബയോ ഫെൻസിംഗ് ഉണ്ടാകുന്നില്ല, ഒന്നുംതന്നെ ചെയ്യുന്നില്ല. ഇന്നലെ ഇടുക്കിയിൽ ബഹുമാനപ്പെട്ട മന്ത്രി പോയപ്പോൾ പറഞ്ഞത്, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ എല്ലാപേരും കുറച്ച് പണപിരിവ് നടത്തി കാര്യങ്ങൾ ചെയ്യണമെന്നാണ്. ഇത് അങ്ങനെ ചെയ്യേണ്ട കാര്യമാണോ; ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പണപിരിവ് നടത്തി കിടങ്ങ് കുഴിക്കാനും സൗരോർജ്ജ വേലിനിർമ്മിക്കാനും ബയോഫെൻസിംഗ് ഉണ്ടാക്കാനും പോകേണ്ട കാര്യമാണോ; സർക്കാരിന്റെ കയ്യിലെന്താണുള്ളത്; എന്ത് പദ്ധതിയാണുള്ളത്? ജനങ്ങൾ മരണഭീതിയിൽ കഴിയുമ്പോൾ, സർക്കാരിന്റെ കയ്യിലൊന്നുമില്ല. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക കൊടുത്തിട്ടില്ല. രണ്ട് ആളുകൾ മരണപ്പെട്ടവരുടെ

കുടുംബങ്ങൾക്ക് പിറ്റേ ദിവസം പണം കൊടുത്തു. അപ്പോൾ മരിച്ചാൽ മാത്രമെ പണം കിട്ടുകയുള്ളോ; അല്ലെങ്കിൽ കിട്ടുകയില്ലല്ലോ? ഡീറ്റെയിൽഡായ പദ്ധതികൾ തയ്യാറാക്കാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള കോമ്പൻസേഷൻ സ്കീമും ഇൻഷ്വറൻസ് സ്കീമുകളും നാട്ടിൽ പലയിടങ്ങളിലും വന്നു. ഇതെല്ലാം വനം വകുപ്പ് അന്വേഷിക്കണം. ബാക്കിയുള്ള സംസ്ഥാനങ്ങളിലൊക്കെ ഇൻഷ്വറൻസ് സ്കീമുകൾ നടപ്പിലാക്കി. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട കാര്യങ്ങൾ യാതൊന്നും ചെയ്യുന്നില്ല. ആളുകൾ സമരങ്ങൾ ചെയ്യുന്നതും പ്രതിഷേധങ്ങൾ നടത്തുന്നതും രാഷ്ട്രീയഭേദവ്യത്യാസമില്ലാതെയാണ്. കോൺഗ്രസുകാരും യു.ഡി.എഫ്.-കാരും മാത്രമല്ല അവിടെ സമരത്തിന് ഇറങ്ങിയിരിക്കുന്നത്. ഓരോ പ്രദേശത്തും റോഡ് തടയാനും ഫോറസ്റ്റ് ഓഫീസിൽ പ്രശ്നമുണ്ടാക്കാനും പോകുന്നത് എല്ലാപേരും ഒരുമിച്ചാണ്. ജനങ്ങളുടെ സമ്മർദ്ദമുണ്ടാകുമ്പോൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എല്ലാപേരും പോകും. സർക്കാരിന്റെ ഈ നിലപാട് ഞങ്ങളെ വിസ്മയിപ്പിച്ചു. കാരണം ഒരു സബ്മിഷന് കൊടുക്കുന്ന മറുപടിപോലും നൽകാതെ ഒന്നും കയ്യിലില്ല എന്നാണ് പറയുന്നത്.

എന്താണ് നടക്കുന്നതെന്നറിയാതെ, ഈ ഗവൺമെന്റിന്റെ നടപടിയിലും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിലും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയിലും ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. പി. എ. മജീദ്: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു കാലത്തുമില്ലാത്ത രീതിയിലുള്ള വന്യമൃഗശല്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിത്. അതിനോടുള്ള സർക്കാരിന്റെ സമീപനം എന്തായിരുന്നുയെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. സർക്കാർ ഇപ്പോൾ ഇരുട്ടിൽ തപ്പുകയാണ്. പലയിടങ്ങളിലും ഇവിടെ പ്രതിപാദിച്ചതുപോലെ വന്യമൃഗശല്യം രൂക്ഷമാകുന്നു. കൃഷിനാശം എല്ലാ ദിവസങ്ങളിലുമുണ്ടാകുന്നു. തോമസിന്റെ മരണത്തെകുറിച്ച് പറഞ്ഞതുപോലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ ആനയുടെ ആക്രമണത്തിൽ ഒരു സ്ത്രീ മരിച്ചു. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ ഒരാൾ മരിച്ചു.

ഇതെല്ലാം സർക്കാരിനറിയാമല്ലോ; ഇതിന് എന്തെല്ലാം നടപടികളാണ് എടുത്തത്. അങ്ങ് പറയുന്നത് ഒരു പഠന റിപ്പോർട്ട് വരാൻ പോകുകയയാണ്, പഠിക്കാൻ പോകുകയാണ്, അത് ലഭ്യമാകുന്നമുറയ്ക്ക് ആലോചിക്കാമെന്നാണ്. അതിനിനിയും എത്രകാലമെടുക്കും? പഠന റിപ്പോർട്ട് വരുന്നതുവരെ ജനങ്ങൾക്കിത് സഹിച്ചിരിക്കാൻ സാധിക്കുമോ; ഓരോ സ്ഥലത്തും പ്രശ്നങ്ങളാണ്. ജനപ്രതിനിധികളടക്കം വളരെ പ്രയാസത്തിൽ നിൽക്കുകയാണ്. ഈ പ്രശ്നം മുമ്പും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. പക്ഷെ അന്നൊന്നും ഒരു നടപടിയും എടുത്തില്ലായെന്നതാണ് പ്രശ്നം. അങ്ങ് പറയുന്നത് ഇത് അടിയന്തര സ്വഭാവമുള്ളതല്ലാത്തതുകൊണ്ട് ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്നാണ്. ഒരു നിരോധനാജ്ഞ ഇതിന്റെ പേരിൽ നടത്തിയിട്ടുണ്ട്. അനേകം ആളുകൾ മരിക്കുന്നു, ദിവസവും കൃഷിനാശം സംഭവിക്കുന്നു. ഈ കാര്യം സഭയിൽ ചർച്ച ചെയ്യണ്ടായെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്; പിന്നീട് അങ്ങ് പറയുന്നത് ഉദ്യോഗസ്ഥന്മാരുടെ മനോവീര്യം തകർക്കുന്നുയെന്നാണ്. ഞാൻ അങ്ങനെ പറയുന്നില്ല. വകുപ്പിലെ ഉദ്യോഗസ്ഥർ ഫോൺ എടുക്കുന്നില്ല, അതുകൊണ്ട് ഇനി എവിടെവച്ച് ഫോൺ വന്നാലും എടുക്കണമെന്നാണ് അങ്ങയുടെ ഉത്തരവ്. ഇവിടെ ചർച്ച ചെയ്യുമ്പോൾ

ഉദ്യോഗസ്ഥരുടെ മനോവീര്യം തകരുമെന്നാണ് അങ്ങ് പറയുന്നത്. വാസ്തവത്തിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരോ വനം വകുപ്പുമന്ത്രിയോ ഒരു കാര്യവും ചെയ്തിട്ടില്ല, ഇക്കാര്യത്തെക്കുറിച്ച് പഠിച്ചിട്ടുമില്ല. ഞാൻ ചോദിക്കുന്നത് ഒരു പഠന റിപ്പോർട്ട് വരുന്നതിന് മുമ്പ് എന്തുചെയ്യാൻ സാധിക്കുമെന്നാണ്; മൃഗങ്ങൾ അധികമായാൽ എന്തുചെയ്യണം; കൂടാതെ മൃഗങ്ങൾ നാട്ടിൽ ഇറങ്ങാതിരിക്കാൻ എന്തൊക്കെ താൽക്കാലിക നടപടികൾ ചെയ്യാൻ കഴിയും; അതുസംബന്ധിച്ചെങ്കിലും സഭയിൽ പറയേണ്ടതല്ലേ; ഇപ്പോൾ അങ്ങ് പറയുന്നത് പഠന റിപ്പോർട്ടുവരും, പഠനം നടത്തുമെന്നാണ്. അതുവരെ എന്താണ് സ്ഥിതി; അതുപോലെ കൃഷിക്കാരുടെ പ്രശ്നത്തിന് എന്ത് സമീപനം സ്വീകരിക്കാൻ സാധിക്കും; ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുമോ; ഇതിനെ സംബന്ധിച്ച് അങ്ങ് ഒന്നും പറയുന്നില്ല. ഇടുക്കി, മലപ്പുറം, പാലക്കാട്, കണ്ണൂർ തുടങ്ങിയ എല്ലാ ജില്ലകളിലും പ്രശ്നങ്ങളുണ്ട്. വനമേഖലാ പ്രദേശങ്ങളിൽ കിലോമീറ്ററുകളോളം അകത്ത് വന്യമൃഗങ്ങൾ കടന്നുവരികയാണ്. ഇത്തരം സംഭവങ്ങളുണ്ടായിട്ടും നിരുത്തരവാദപരമായി ഈ സഭയിൽ മറുപടി പറയുന്നത് വളരെ പ്രതിഷേധാർഹവും അപമാനകരവുമാണ്. അങ്ങയെപ്പോലെ ഒരു പരിചയസമ്പന്നനായ മന്ത്രി

നിരുത്തരവാദപരമായി ഇത്തരം പ്രശ്നങ്ങളെ കാണുന്നത് നിർഭാഗ്യകരമാണ്. അങ്ങയുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയും കൃഷി നശിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകുന്നുയെന്നുള്ളത് പ്രതിപക്ഷം പലയാവർത്തി പറഞ്ഞിട്ടും ഉത്തരവാദിത്വത്തോടെ ആ വിഷയത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകുന്നില്ലായെന്നുള്ള പ്രതിഷേധമാണ് ഞങ്ങൾ ഉയർത്തുന്നത്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്, ഈ വിഷയം സംബന്ധിച്ചൊരു പഠനം നടത്താൻ സർക്കാർ വീണ്ടും ഉദ്ദേശിക്കുകയാണ് എന്നാണ്. വന്യജീവി ആക്രമണത്താൽ ആളുകൾ മരിച്ചശേഷം ഇത്തരത്തിലുള്ള ആക്രമണങ്ങൾ തുടർച്ചയായി നടന്നതിനുശേഷവും പഠനം നടത്തി റിപ്പോർട്ട് വന്നശേഷം മാത്രമേ ഇതിനൊരു പരിഹാരമുണ്ടാക്കാൻ

കഴിയൂവെന്ന് പറയുന്ന ഗവൺമെന്റിന്റെ മറുപടി തന്നെ ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. ഇവിടെ ഒന്നും ചെയ്യാൻ തയ്യാറാകില്ലായെന്ന നിഷേധാത്മകമായൊരു നിലപാടിന്റെ സാക്ഷ്യപത്രമായാണ് ഇതിനെ കാണാൻ കഴിയുന്നത്. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നൊരു കാര്യമല്ല. വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിന്റെ നഷ്ടപരിഹാരം ഇതുവരെ കൊടുത്തിട്ടില്ലെന്ന വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നരവർഷമായി നഷ്ടപരിഹാരത്തുക കുടിശ്ശികയാണ്. കൃഷി നശിച്ചതിനുള്ള നഷ്ടപരിഹാരം എത്രയുംവേഗം കൊടുത്തുതീർക്കാൻ സർക്കാർ തയ്യാറാകണം. ബാക്കിയുള്ള കൃഷി നശിക്കുമോയെന്ന ആശങ്കയിലും ജീവൻ നഷ്ടപ്പെടുമോയെന്നുള്ള ഭീതിയിലുമാണ് കർഷകർ. വയനാട്ടിൽ മരണപ്പെട്ട തോമസിന്റെ കുടുംബത്തിന്റെ സ്ഥിതി അതിദാരുണമാണ്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ ഇവിടെ മറുപടി പറഞ്ഞു. യഥാർത്ഥത്തിൽ തോമസിനെ കടുവ കടിച്ച് പകുതി കൊന്നു, പകുതി സർക്കാരും കൊന്നുവെന്ന അവസ്ഥയാണ്. കൃത്യമായി ചികിത്സ കൊടുക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് വസ്തുതയല്ലേ; മുഴുവൻ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതല്ലേ; ഇത്തരം സംഭവങ്ങൾ

ആവർത്തിക്കപ്പെട്ടാൽ എന്തുചെയ്യും; ഗവൺമെന്റ് ഉണർന്നുപ്രവർത്തിക്കണം. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. കർഷകരുടെയും മലയോര മേഖലയുടെയും വലിയൊരു ആശങ്ക ഗവൺമെന്റ് പരിഗണിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് വനം വകുപ്പ് കൃത്യമായ പഠനങ്ങൾ നടത്തിയിരുന്നില്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ആനകളുടെ സെൻസസ് എടുക്കാൻ പോകുന്നുവെന്നും മറ്റുവിവിധ തരത്തിലുള്ള പഠനങ്ങളിലേയ്ക്ക് കടക്കാൻ പോകുന്നുവെന്നുമാണ് മന്ത്രി ഇപ്പോൾ നൽകിയിരിക്കുന്ന മറുപടി. എന്നാൽ അടുത്ത ഭാഗത്ത് കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾക്കുള്ളിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ട ആളുകളുടെ കണക്കും അദ്ദേഹം വായിച്ചു. ഇതൊരു പുതിയ സംഭവമല്ല. കഴിഞ്ഞ ആറേഴ് വർഷങ്ങളായി

കേരളത്തിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പോലും ഇല്ലായിരുന്നു. ഈ സന്ദർഭത്തിലാണോ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും സെൻസസ് എടുക്കാനും പോകുന്നത്. പൂർണ്ണമായും നിരുത്തരവാദപരമായ സമീപനമാണ് വനം വകുപ്പിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടായത്. അതുകൊണ്ടാണ് ഈ വിഷയം മറ്റൊരു സാഹചര്യത്തിലേയ്ക്ക് എത്തിയിരിക്കുന്നത്. ഇന്ന് 30 ലക്ഷം ജനങ്ങൾ ഭീതിയിൽ ജീവിക്കുകയാണ്. വനമേഖലയിൽ മാത്രമല്ല അതിനോടനുബന്ധമായി വരുന്ന പട്ടണങ്ങളിൽപ്പോലും വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുകയും അതിന്റെ സാന്നിദ്ധ്യം വരുകയും ചെയ്യുന്നു. വന്യജീവികളുടെ വർദ്ധിച്ചുവരുന്ന എണ്ണം നിയന്ത്രിക്കുന്നതിന് മറ്റുരാജ്യങ്ങളിൽ നടപ്പാക്കിയതുപോലെയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ആ മേഖലകളിലേയ്ക്കാണ് കൂടുതലായി കടന്നുചെല്ലേണ്ടത്. കള്ളിംഗ് നടത്തേണ്ട സാഹചര്യമുണ്ടെങ്കിൽ ആ രീതിയിലേയ്ക്ക് നീങ്ങണം. അപകടത്തിൽപ്പെടുന്ന വ്യക്തികൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കണം. പലപ്പോഴും ഇത്തരത്തിലുള്ള വിഷയങ്ങളുണ്ടാകുമ്പോഴാണ് ഇടപെടലുകൾ

നടത്തുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ ഉണരുന്നത്. ഈ വിഷയത്തിൽ വൈകിയാണെങ്കിൽപ്പോലും ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിക്കുന്ന കർഷകർക്കും വ്യക്തികൾക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഗവൺമെന്റ് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)